**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3284** **13-07-2022 - ൽ മറുപടിയ്ക്ക്**

**കരമന - വെള്ളറട റോഡിനുള്ള ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കരമന - വെള്ളറട റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ അന്തിമ വിജ്ഞാപനം ആയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നാകുമെന്ന് വ്യക്തമാക്കുമോ; | (എ) | കരമന - വെള്ളറട റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നത് മൂന്ന് റീച്ചുകളായാണ്. പ്രസ്തുത മൂന്ന് റീച്ചുകളിലും അന്തിമ വിജ്ഞാപനം (19(1) പ്രഖ്യാപനം) ആയിട്ടില്ല.<br><br><u>റീച്ച് 1 - കരമന മുതൽ കുണ്ടമൺ കടവ് പാലം വരെ</u><br><br>തിരുവനന്തപുരം ജില്ലയിൽ തൈക്കാട്, തിരുമല, ശാസ്തമംഗലം, വട്ടിയൂർക്കാവ് എന്നീ വില്ലേജുകളിൽ നിന്നായി 1.1356 ഹെക്ടർ സ്ഥലം കരമന - വെള്ളറട റീച്ച് 1 വികസനത്തിന് 2013-ലെ എൽ.എ.ആർ.ആർ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും, സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി സമുചിത സർക്കാർ തീരുമാനം കൈക്കൊണ്ട് 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. 2013-ലെ എൽ.എ.ആർ.ആർ ആക്ട് പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ച് 12 മാസത്തിനുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കാൻ സാധിക്കില്ലായെന്ന് ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റ പ്രത്യക അധികാരം ഉപയോഗിച്ച് 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള കാലാവധി 04.01.2022 ലെ സ.ഉ(അച്ചടി) 8/2022/റവ, 13.06.2022 ലെ സ.ഉ(അച്ചടി) 176/2022/റവ, എന്നീ ഉത്തരവുകൾ പ്രകാരം ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പുനരധിവാസ പുനഃസ്ഥാപന പാക്കേജ് പ്രസിദ്ധീകരിച്ച് 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | റീച്ച് 2 - കുണ്ടമൺ കടവ് പാലം മുതൽ ഞാറവിള വരെ<br><br>തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ, മലയിൻകീഴ്, കുളത്തുമ്മൽ, വീരണകാവ്, വിളവൂർക്കൽ, മാറനല്ലൂർ എന്നീ വില്ലേജുകളിലെ 4.5670 ഹെക്ടർ ഭൂമി കരമന - വെള്ളറട റോഡ് റീച്ച് 2 വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി വിദഗ്ധ സമിതി രൂപീകരിച്ച് 25/01/2022-ലെ സ.ഉ.(കൈ). നം.23/2022/റവ, 05/04/2022-ലെ സ.ഉ.(കൈ) നം. 97/2022/റവ എന്നീ ഉത്തരവുകൾ പ്രകാരം എൽ.എ.ആർ.ആർ ആക്ട്, 2013 ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. നിലവിൽ, സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആക്ടിൽ നിഷ്കർഷിക്കുന്ന നിശ്ചിത സമയ പരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>റീച്ച് 3 - ഞാറവിള മുതൽ വെള്ളറട വരെ<br><br>തിരുവനന്തപുരം ജില്ലയിലെ കുളത്തുമ്മൽ, ഒറ്റശേഖരമംഗലം, കീഴാറൂർ, വെള്ളറട എന്നീ വില്ലേജുകളിലെ 4.5499 ഹെക്ടർ ഭൂമി കരമന - വെള്ളറട റോഡ് റീച്ച് 3 വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി വിദഗ്ധ സമിതി രൂപീകരിച്ച് 25/01/2022 ലെ സ.ഉ.(കൈ) നമ്പർ 22/2022/റവ പ്രകാരം എൽ.എ.ആർ.ആർ ആക്ട്, 2013 ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. നിലവിൽ, സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആക്ടിൽ നിഷ്കർഷിക്കുന്ന നിശ്ചിത സമയ പരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഫണ്ട് ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | നിലവിൽ ഫണ്ട് ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ